**കേരള സർക്കാർ**

**സംഗ്രഹം**

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ മുളക്കുളം വില്ലേജിൽ സർവ്വേ നമ്പർ 264/3 ൽ പെട്ടതും മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ 14.16 ആർ സ്ഥലവും നിർമ്മാണം പൂർത്തിയാകാതെ കിടക്കുന്ന കെട്ടിടവും വൃദ്ധസദനം പ്രവർത്തിപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിന് മുളക്കുളം ഗ്രാമപഞ്ചായത്തിന് അനുമതി നൽകൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(അച്ചടി) നം. 3/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 10/01/2017.

---

പരാമർശം: -1. മുളക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 25-08-2014 ലെ 1-ാം നമ്പർ തീരുമാനം.

2.പഞ്ചായത്ത് ഡയറക്ടറുടെ 10.12.2015 ലെ സി2 - 38840/15 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള മുളക്കുളം വില്ലേജിൽ സർവ്വേ നമ്പർ 264/3 ൽ പെട്ട 35.5 സെന്റ് സ്ഥലവും നിർമ്മാണം പൂർത്തിയാകാതെ കിടക്കുന്ന കെട്ടിടവും വൃദ്ധസദനം പ്രവർത്തിപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കൈമാറാൻ പരാമർശം (1) പ്രകാരം മുളക്കുളം ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്ത് പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (2) കത്ത് മുഖേന സർക്കാർ അനുമതിക്കായി അപേക്ഷിച്ചിരുന്നു.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലും അധീനതയിലുമുള്ള, വൈക്കം താലൂക്കിൽ മുളക്കുളം വില്ലേജിൽ സർവ്വേ നമ്പർ 264/3 ൽ പെട്ട 14.16 ആർ സ്ഥലവും, നിർമ്മാണം പൂർത്തിയാകാതെ കിടക്കുന്ന കെട്ടിടവും വൃദ്ധസദനം നിർമ്മിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിന് 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം മുളക്കുളം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മുളക്കുളം ഗ്രാമപഞ്ചായത്ത്, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ./എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഐ & പി. ആർ.ഡി - വെബ് & ന്യൂ മീഡിയ ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ